LIBRARY ARCHIVES Kerala Legislative Assembly.

കൃഷിഭവനുകൾ വഴി വിതരണം ചെയ്യുന്ന ജൈവ-രാസവളങ്ങൾ

58 [3356] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകൾവഴി കർഷകർക്ക് വിതരണം ചെയ്യുന്ന ജൈവ-രാസവളങ്ങൾ സർക്കാർ അംഗീകൃത ഏജൻസികളിൽനിന്നും മാത്രമേ വാങ്ങാവൂ എന്ന് നിബന്ധനയുണ്ടോ;

(ബി) എങ്കിൽ ഇത്തരം ഏജൻസികൾ ഗുണനിലവാരം കുറഞ്ഞതും വില കൂടിയതുമായ വളങ്ങളാണ് കൃഷിഭവനുകൾക്ക് വിതരണം ചെയ്യുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സാഹചര്യത്തിൽ ഇത്തരം ഏജൻസികളെ ഒഴിവാക്കി കൃഷി ഓഫീസറും ജനപ്രതിനിധികളും കർഷകപ്രതിനിധികളും അടങ്ങുന്ന കമ്മിറ്റിയോ കാർഷിക വികസന സമിതിയോ കൂട്ടേഷൻ ക്ഷണിച്ച് ഗുണനിലവാരം ഉറപ്പുവരുത്തി ഏറ്റവുംകുറഞ്ഞ വിലയ്ക്ക് ജൈവ-രാസവളങ്ങൾ ലഭ്യമാക്കി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാർഷിക സർവ്വകലാശാല, ഐ.സി.എ.ആർ. സ്ഥാപനങ്ങൾ, റബ്ബർ ബോർഡ് തുടങ്ങിയ അംഗീകൃത സ്ഥാപനങ്ങളിലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃഷി ഡയറക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റി അംഗീകരിക്കുന്ന ഗുണമേന്മയുള്ള വളങ്ങൾ മാത്രമേ കർഷകർക്ക് വിതരണം ചെയ്യാവൂ എന്ന് നിർദ്ദേശമുണ്ട്. ഇതു സംബന്ധിച്ച് പരാതിയൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലുള്ള സംവിധാനത്തിൽ പാകപ്പിഴയുള്ളതായി കണ്ടാൽ മാറ്റം വരുത്തുന്നകാര്യം ആലോചിക്കാവുന്നതാണ്.

കൃഷി അസിസ്റ്റന്റുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

59 [3366] ശ്രീ. പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി അസിസ്റ്റന്റുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഇതിന്റെ കാലാവധി അവസാനിക്കുന്നതെന്നാണ്;

(സി) ഈ ലിസ്റ്റിൽ നിന്ന് ഇതുവരെ എത്ര പേർക്ക് നിയമനം നൽകുകയുണ്ടായി;

(ഡി) ഒഴിവുള്ള തസ്തികകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടും നിയമന ശുപാർശ നൽകുവാൻ കഴിയാത്ത എന്തെങ്കിലും സ്ഥിതി നിലവിലുണ്ടോ; വിശദമാക്കുമോ;

(ഇ) പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞ തസ്തികകളിലേക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കും മുമ്പ് നിയമന ശുപാർശ നൽകുവാൻ ഗവൺമെന്റ് എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;